"ഭരണഭാഷ - മാതൃഭാഷ"

നം. 5554/ഡി.പി.4/2020/സിആർഡി(എ)

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ, തിരുവനന്തപുരം
തീയതി : 30/03/2020

# സർക്കുലർ

വിഷയം:- ഗ്രാമവികസന വകുപ്പ് -കോവിഡ് 19- പ്രതിരോധ പ്രവർത്തനങ്ങൾ സുരക്ഷാ പ്രോട്ടോകോൾ പാലിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സർക്കാർ നിർദ്ദേശം;

**********

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സുരക്ഷാ പ്രോട്ടോകോൾ പാലിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഗ്രാമവികസന വകുപ്പിന് കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും കോവിഡ്-19 പ്രോട്ടോകോൾ പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഓഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.
2) ഓഫീസ് പ്രവർത്തനത്തിനായി പരമാവധി 4 ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി ചുമതല നൽകേണ്ടതാണ്.
3) ആവശ്യമെങ്കിൽ ഓഫീസിൽ വരുന്നതിനും തിരികെ പോകുന്നതിനും ഉദ്യോഗസ്ഥർക്ക് ഓഫീസ് വാഹനം ഉപയോഗിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഓഫീസ് മേധാവി ഏർപ്പെടുത്തേണ്ടതാണ്.
4) ഓഫീസുകളിൽ ഉദ്യോഗസ്ഥർ തമ്മിൽ സുരക്ഷാ മാനദണ്ഡപ്രകാരമുള്ള അകലം പാലിക്കേണ്ടതാണ്.
5) ബ്ലോക്കുപഞ്ചായത്തുകളിലും അനുബന്ധ സ്ഥാപനങ്ങളിലും കോവിഡ്-19-ന്റെ പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. എന്നാൽ പല സ്ഥലങ്ങളിലും ആവശ്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാർ നിർദ്ദേശത്തിന്റെ പരസ്യമായ ലംഘനമാണ്. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തുകളിലും അനുബന്ധ സ്ഥാപനങ്ങളിലും സംഘടിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണം പരമാവധി 4 ആയി നിജപ്പെടുത്തേണ്ടതും, അംഗങ്ങൾ തമ്മിൽ സുരക്ഷിതമായ അകലം പാലിക്കേണ്ടതും, സോപ്പ്/സാനിറ്റൈസർ ഉപയോഗിച്ച് വൈറസ് വ്യാപനത്തെ തടയാനാവശ്യമായ മുൻകരുതലെടുക്കേണ്ടതുമാണ്.
6) മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഓഫീസ് മേധാവി/ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

പകർപ്പ് :

1. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും
3. കരുതൽ ഫയൽ/ഓഫീസ് കോപ്പി

എസ്